**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ദൈവശാസ്ത്ര ബിരുദങ്ങളിലല്ല, പരിശുദ്ധാത്മാവിന്റെ നിറവിലാണ് ക്രൈസ്തവന്റെ സത്വം



ആധികാരികമായി സംസാരിക്കുന്നതിനുള്ള കഴിവ് ഒരുവൻ ആർജ്ജിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്. അല്ലാതെ ദൈവശാസ്ത്രബിരുദങ്ങളിൽനിന്നല്ലെന്ന് ഫ്രാൻസിസ് പാപ്പാ പറയുന്നു. സെപ്റ്റംബർ 2 ന് വത്തിക്കാനിലെ സെന്റ് മാർത്താ വസതിയിലെ ദിവസേനയുള്ള വിശുദ്ധകുർബാനയ്ക്കിടയിലാണ് പാപ്പാ ഇപ്രകാരം പറഞ്ഞത്.

മൗലികതയില്ലാത്ത സ്വത്വത്തെക്കുറിച്ച് പാപ്പയുടെ ചോദ്യമിതാണ്. "നമ്മളെല്ലാ വരും സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. ക്രൈസ്തവനെന്ന നിലയിൽ എന്താണ് നമ്മുടെ സ്വത്വം?" വിശുദ്ധ പൗലോസിന്റെ വാക്കുകളെയാണ് ഫ്രാൻസിസ് പാപ്പ ഈ ചോദ്യത്തിനുത്തരമായി വിശദീകരിച്ചത്. മാനുഷികമായ അറിവ് വച്ച് നാം മറ്റുള്ളവരോട് ആധികാരികമായി സംസാരിക്കരുതെന്ന് വിശുദ്ധ പൗലോസ് പറയുന്നു. ബിരുദങ്ങൾ നേടിയ അദ്ധ്യാപകനായിരുന്നില്ല വിശുദ്ധ പൗലോസ്. അദ്ദേഹത്തിന്റെ അറിവിന്റെ ഉറവിടം പരിശുദ്ധാത്മാവായിരുന്നു. മാനുഷികമായി ആർജ്ജിച്ച അറിവായിരുന്നില്ല അത്.

ഒരു വ്യക്തിക്ക് ചിലപ്പോൾ അഞ്ച് ദൈവശാസ്ത്രബിരുദങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ ദൈവികചൈതന്യം ഉണ്ടാകില്ല."ഒരുപക്ഷേ നിങ്ങൾ വിദഗ്ധനായ ഒരു ദൈവ ശാസ്ത്രജ്ഞൻ ആയിരിക്കാം. എന്നാൽ നിങ്ങൾ ഒരു യഥാർത്ഥക്രൈസ്തവൻ അല്ല. കാരണം നിങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഇല്ല. ഉണ്ടെങ്കിൽ മാത്രമേ യഥാർത്ഥക്രൈസ്തവനാണ് എന്ന് പറയാൻ സാധിക്കൂ. പരിശുദ്ധാത്മാവിന്റെ അഭിഷേകമാണ് ആധികാരികതയും ക്രൈസ്തവനെന്ന സ്വത്വബോധവും നൽകുന്നത്." ഫ്രാൻസിസ് പാപ്പാ പറയുന്നു.

പ്രൈമറി സ്കൂൾവിദ്യാഭ്യാസംപോലും ലഭിക്കാത്ത ചില വൃദ്ധസ്ത്രീകൾക്ക് ദൈവകാര്യങ്ങളിൽ അഗാധമായ അറിവുള്ളതായി കാണാം. പരിശുദ്ധാത്മാവിന്റെ അനുഗ്രഹമാണ് അവരുടെ ഈ അറിവിന്റെ ഉറവിടം. പരിശുദ്ധാത്മാവിന്റെ അഭിഷേ കത്തെക്കുറിച്ച് മിക്ക ക്രൈസ്തവർക്കും ശരിയായ അറിവില്ല. ഈ അറിവില്ലായ്മ ക്രൈസ്തവൻ ആരാണെന്ന അറിവില്ലായ്മയാണ്.

ദൈവശാസ്ത്രപരമായ കാര്യങ്ങളിൽ ദൈവികനിയമോപദേശകരും ദൈവശാ സ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയവരും സംസാരിക്കാറുണ്ട്. ഹൃദയപൂർവ്വമാണോ സംസാരിക്കുന്നതെന്ന കാര്യത്തിൽ അവർക്ക് തീർച്ചയില്ല. പരിശുദ്ധാത്മാവിൽ ഐക്യപ്പെടാൻ അവർക്കു കഴിയുകയില്ല. മറ്റുള്ളവരെ അവരുടെ സ്വത്വം കണ്ടെത്താൻ സഹായിക്കാനും അവർക്കു കഴിയുകയില്ല.

ക്രൈസ്തവൻ അവന്റെ സ്വത്വം തിരിച്ചറിയാൻ പിതാവായ ദൈവത്തോട് അപേക്ഷിക്കണമെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ തന്റെ വിശുദ്ധ കുർബാന അവസാനിപ്പിച്ചത്."അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്ക് സമ്മാനി ക്കേണമെ. അങ്ങയുടെ ചിന്തയുടെ പാതയിൽ ഞങ്ങളെ നടത്തേണമെ, കാഴ്ചയുടെയും കേൾവിയുടെയും സർവ്വശക്താ, അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ അഭിഷി ക്തരാക്കേണമെ."